"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തിരുവനന്തപുരം ജില്ലയിലെ കാലടി മരുതൂർക്കടവ് (റീച്ച് I) കരമന തളിയിൽ (റീച്ച് II) റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനോടനുബന്ധിച്ചുള്ള എൽ.എ.ആർ കേസ് നം 526/10 -ൽ വിധി തുക അനുവദിക്കുന്നതിലേക്കായി പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1149/2024/PWD തീയതി,തിരുവനന്തപുരം, 12-11-2024

---

പരാമർശം:-

1. 27.12.2021-ലെ സ.ഉ(സാധാ)നം.1151/2021/പൊമവ
2. 30.03.2022-ലെ സ.ഉ(സാധാ)നം.359/2022/പൊമവ
3. 19.12.2022 -ലെ സ.ഉ സാധാ നം. 1238/2022/പൊമവ
4. 22.02.2023-ലെ സ.ഉ (സാധാ)നം 200/2023/പൊമവ
5. 20.07.2023- ലെ സ.ഉ (സാധാ)നം. 983/2023/പൊമവ
6. 22.02.2024-ലെ സ.ഉ (സാധാ)നം254/2024/പൊമവ
7. 20.07.2024-ലെ സ.ഉ (സാധാ)നം. 719/2024/പൊമവ
8. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 10.04.2024-ലെ CEPWD/7001/2021-FR2(F)-RDനമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കാലടി മരുതൂർക്കടവ് (റീച്ച് 1), കരമന തളിയിൽ (റീച്ച് II) റോഡു നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനോട് അനുബന്ധിച്ച് തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്ത എൽ.എ.ആർ കേസ് നം 526/10 -ൽ വിധി തുക നൽകുന്നതിനായി 20,64,287/- രൂപ ആവശ്യമുള്ളതായും പ്രസ്തുത തുക അനുവദിക്കുന്നതിലേക്കായി മേൽ പരാമർശം 7 പ്രകാരം അനുവദിച്ച പുതുക്കിയ ഭരണാനുമതി തുകയായ 11,21,33,444/- രൂപയുടെ കൂടെ ടി തുക കൂടി ചേർത്ത് 11,41,97,731/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകണമെന്നും മേൽ പരാമർശം 8 പ്രകാരം പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കാലടി മരുതൂർക്കടവ് (റീച്ച് 1), കരമന തളിയിൽ ( റീച്ച് II) റോഡു നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനോട് അനുബന്ധിച്ച് തിരുവനന്തപുരം സബ് കോടതിയിലെ എൽ.എ.ആർ കേസ് നം 526/10 -ൽ വിധി തുക നൽകുന്നതിനായി 20,64,287/-

രൂപ അനുവദിക്കുന്നതിലേക്കായി മേൽ പരാമർശം 7 പ്രകാരം അനുവദിച്ച 11,21,33,444/- രൂപയുടെ കൂടെ ടി തുക കൂടി ചേർത്ത് ആകെ 11,41,97,731/- രൂപയ്ക്ക് (പതിനൊന്നു കോടി നാല്പത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എഴുന്നൂറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) 5054-04-337-80-പി.സി എന്ന ശീർഷകത്തിൽ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. നഷ്ടപരിഹാരത്തുക നൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് നൽകിയ കണക്കുകളുടെ കൃത്യത ചീഫ് എഞ്ചിനീയർ തലത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ (നിരത്തുകൾ), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ (നിരത്തുകൾ), ദക്ഷിണ മേഖല, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്തു വിഭാഗം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യവകുപ്പ് (നം.ഐ&പി.ഡബ്ല്യൂ-ബി-1/251/2024-ധന (E 2915691) തിയതി18.10.2024)
കരുതൽ ഫയൽ /വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം
Signed by
Chithra G S
Date: 13-11-2024 09:58:15
സെക്ഷൻ ഓഫീസർ